പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5758 | 09/07/2012-ൽ മറുപടിയ്ക്ക്

## തണ്ണിത്തോട് സെന്റ് ബെനഡിക്ട് എം.എസ്.സി.എച്ച്.എസ്സിലെ അദ്ധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട തണ്ണിത്തോട് സെന്റ് ബെനഡിക്ട് എം.എസ്.സി.എച്ച്. എസ്സിലെ ഇംഗ്ലീഷ് അദ്ധ്യാപിക ഫിബി അഗസ്റ്റസ് മാത്യുവിന്റെ 01/06/2011 മുതലുള്ള ട്രാൻസ്ഫർ വേക്കൻസി നിയമനം അംഗീകരിക്കുവാൻ എന്ത് നിയമ തടസ്സമാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) (ബി) & (സി) പത്തനംതിട്ട സെന്റ് ബെനഡിക്ട് എം.എസ്.സി. എച്ച്.എസ് തണ്ണിത്തോടിലെ ഇംഗ്ലീഷ് അദ്ധ്യാപികയായ ശ്രീമതി. ഫിബി അഗസ്റ്റസ് മാത്യുവിനെ, ടി സ്കൂളിലെ എച്ച്.എസ്.എ (ഇംഗ്ലീഷ്) അദ്ധ്യാപിക ശ്രീമതി. അനുമറിയം എബ്രഹാമിന്റെ സ്ഥലംമാറ്റഒഴിവിലാണ് 01/06/2011 മുതൽ നിയമിച്ചിരിക്കുന്നത്. ഗവൺമെന്റ് ഉത്തരവ് 199/11/പൊ.വി തീയതി 01/10/2011 പ്രകാരം റിട്ടയർമെന്റ്, പ്രമോഷൻ, രാജി, ആശ്രിതനിയമനം എന്നിവ മൂലമുണ്ടാകുന്ന ഒഴിവിലേയ്ക്ക് മാത്രമാണ് നിയമനം അംഗീകരിച്ച് നൽകുന്നതിന് ഉത്തരവായിരിക്കുന്നത്. സ്ഥലം മാറ്റം മൂലം ഉണ്ടായ ഒഴിവിലാണ് നിയമനം എന്നതിനാലാണ് ശ്രീമതി. ഫിബി അഗസ്റ്റസ് മാത്യുവിന്റെ നിയമനം അംഗീകരിക്കാതിരുന്നത്. സ്ഥലം മാറ്റം മൂലമുണ്ടാകുന്ന ഒഴിവിലേയ്ക്കുള്ള നിയമനം അംഗീകരിച്ച് നൽകുന്നത് സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) 2011-2012-ലെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചുള്ള സബ്ജക്ട് റിക്വയർമെന്റ് ഉണ്ടായിട്ടും ടിയാന്റെ നിയമനം നിരസിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | |
| (സി) ടിയാളുടെ നിയമനം അംഗീകരിച്ച് ശമ്പളം നൽകുവാൻ ആവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ.